ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 01.11.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). **അതിർത്തിയിലെ ഒരിഞ്ച് ഭൂമി പോലും രാജ്യം വിട്ടു കൊടുക്കില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; ഗുജറാത്തിലെ കച്ചിൽ സായുധ സേനയ്ക്കൊപ്പം ദീപാവലി ആഘോഷിച്ച് പ്രധാനമന്ത്രി.**

**Prime Minister Narendra Modi says the country will not compromise even an inch of land at the borders; Celebrates Diwali with armed forces in Kutch of Gujarat.**

2.) **ഇന്ന് കേരളപ്പിറവി ദിനം; ഭരണഭാഷാവാരവും മലയാളദിനാഘോഷവും മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**

**Kerala celebrates Kerala Piravi Day; Chief Minister Pinarayi Vijayan will inaugurate the official language week and Malayalam Day celebrations.**

3.) **ഝാർഖണ്ഡിൽ രണ്ടാം ഘട്ട നിയമസഭ തിരഞ്ഞെടുപ്പിലെ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.**

**The Last date for withdrawal of candidatures for the Second phase of Jharkhand assembly election ends today.**

4.) **യു.എ.ഇ യിൽ പൊതുമാപ്പിനുള്ള സമയപരിധി ഡിസംബർ 31 വരെ നീട്ടി.**

**UAE Extends Visa Amnesty Period Until 31st December.**

5.) **ഇന്ത്യ-ന്യൂസിലൻഡ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് മുതൽ.**

**In Cricket, India to face New Zealand in the third Test today.**

==============================================

**PM GUJARAT ( INTRO )**

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൻ്റെ ആവശ്യങ്ങൾ മുന്നിൽ കണ്ട് ഇന്ത്യൻ സൈന്യത്തെ ലോകത്തിലെ ഏറ്റവും ആധുനിക സൈനിക ശക്തിയാക്കി മാറ്റാനാണ് ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഗുജറാത്തിലെ കച്ചിൽ സൈനികരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. അതിർത്തിയിലെ ഒരിഞ്ച് ഭൂമി പോലും രാജ്യം വിട്ടു കൊടുക്കില്ലെന്ന് ശ്രീ മോദി വ്യക്തമാക്കി.

**(വോയിസ്..........)**

അതിർത്തി സുരക്ഷാ സേന, കര - നാവിക - വ്യോമസേനാ എന്നിവയിലെ ഉദ്യോഗസ്ഥർക്കൊപ്പം പ്രധാനമന്ത്രി ദീപാവലി ആഘോഷിച്ചു. സർദാർ വല്ലഭ് ഭായ് പട്ടേലിൻ്റെ ജന്മവാർഷിക ദിനമായ ഇന്നലെ ഏകതാ നഗറിൽ നടന്ന രാഷ്ട്രീയ ഏകതാ ദിവസ് ആഘോഷങ്ങളിലും അദ്ദേഹം പങ്കെടുത്തു. ഒരു രാജ്യം ഒരു മതേതര വ്യക്തിനിയമം എന്നതിലേക്കാണ് ഇന്ത്യ നീങ്ങുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. മതേതര വ്യക്തിനിയമം പിന്തുടരുന്നത് വിവേചനം അവസാനിപ്പിക്കാൻ പ്രധാനമാണെന്നും അദ്ദേഹം വ്യക്തമാക്കി.

==========================================

**AMIT SHAH - GUJARAT**

ഗുജറാത്തിലെ അഹമ്മദാബാദിൽ, മാലിന്യത്തിൽ നിന്ന് ഊർജ്ജം ഉത്പാദിപ്പിക്കുന്ന പ്ലാന്റ് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഉദ്ഘാടനം ചെയ്യും. 375 കോടി രൂപ ചെലവിൽ പൊതു സ്വകാര്യ പങ്കാളിത്തത്തിലാണ് പ്ലാന്റ് സ്ഥാപിച്ചത്. പ്രതിദിനം 1000 മെട്രിക് ടൺ ഖരമാലിന്യത്തിൽ നിന്ന് 15 മെഗാവാട്ട് ഊർജം ഉത്പാദിപ്പിക്കാനുള്ള ശേഷി

പ്ലാന്റിനുണ്ട്. ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ ചടങ്ങിൽ പങ്കെടുക്കും.

==================================================

**KERALA PIRAVI**

ഇന്ന് 69-ാം കേരളപ്പിറവി ദിനം. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിച്ചതിനെ തുടർന്ന് 1956 നവംബർ ഒന്നിനാണ് കേരളം നിലവിൽ വന്നത്. കേരളപ്പിറവി ദിനത്തിൻറെ ഭാഗമായി നവംബർ ഒന്ന് മലയാള ദിനമായും ഒന്ന് മുതൽ ഏഴ് വരെ ഭരണഭാഷാ വാരമായും ആഘോഷിക്കും. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് സെക്രട്ടറിയേറ്റ് ദർബാർ ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിൻറെ ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിതമാതൃക പദ്ധതികളുടെ പൂർത്തീകരണ പ്രഖ്യാപനവും ഇന്ന് നടക്കും.

==================================================

**GOVERNOR – KERALA PIRAVI ( INTRO )**

ലോകമെമ്പാടുമുള്ള മലയാളികൾക്ക് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ കേരളപ്പിറവി ദിനാശംസകൾ നേർന്നു. ഉയർന്ന മാനുഷിക വികസന സൂചികകളാൽ ശ്രദ്ധേയമായ കേരളം സാക്ഷരത, ആരോഗ്യം, ജീവിത നിലവാരം എന്നിവയിൽ അതുല്യമായ പുരോഗതിയാണ് കൈവരിച്ചതെന്ന് ഗവർണർ പറഞ്ഞു.

**( വോയിസ്............ )**

==================================================

## KERALA CM - POLICE PARADE

കേരളപ്പിറവി, കേരള പോലീസ് രൂപീകരണദിനം എന്നിവയോടനുബന്ധിച്ചുള്ള പോലീസ് പരേഡ് ഇന്ന് രാവിലെ തിരുവനന്തപുരം പേരൂർക്കട എസ്.എ.പി ഗ്രൗണ്ടിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ പരേഡിൽ അഭിവാദ്യം സ്വീകരിക്കും. 2024-ലെ മുഖ്യമന്ത്രിയുടെ പോലീസ് മെഡലുകൾ അദ്ദേഹം വിതരണം ചെയ്യും.

==========================================

## KERALA AWARD

കേരള സർക്കാർ സമ്മാനിക്കുന്ന പരമോന്നത പുരസ്കാരമായ കേരള പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. അധ്യാപകനും എഴുത്തുകാരനുമായ എം കെ സാനുവിനാണ് കേരള ജ്യോതി പുരസ്കാരം. ഐ.എസ്.ആർ.ഒ ചെയർമാൻ എസ് സോമനാഥ്, ഭുവനേശ്വരി എന്നിവർ കേരള പ്രഭ പുരസ്കാരത്തിനും കലാമണ്ഡലം വിമലാ മേനോൻ, ഡോ. ടി കെ ജയകുമാർ , നാരായണ ഭട്ടതിരി, ക്രിക്കറ്റ് താരം സഞ്ജു സാംസൺ, ഷൈജ ബേബി, വി കെ മാത്യൂസ് എന്നിവർ കേരള ശ്രീ പുരസ്കാരത്തിനും അർഹരായി.

==========================================

## MUHURAT TRADING

രാജ്യത്തെ ഓഹരി വിപണികളിൽ ഇന്ന് മുഹൂർത്ത വ്യാപാരം. ദീപാവലിയോടനുബന്ധിച്ചാണ് വൈകിട്ട് 5:45 മുതൽ 6 മണി വരെ മുഹൂർത്ത വ്യാപാരം നടക്കുന്നത്. ഇതോടെ സംവത് 2081 പുതിയ കലണ്ടർ വർഷത്തിന് തുടക്കമാകും. ദീപാവലി ദിനത്തിൽ രാജ്യത്തെ ഓഹരി വിപണികളിലെ ഒരു മണിക്കൂറോളം നീണ്ടുനിൽക്കുന്ന പ്രത്യേക വ്യാപാര സെഷനാണ് മുഹൂർത്ത് ട്രേഡിംഗ്.

================================================

## TPG NAMBIAR

ബി.പി.എൽ ഗ്രൂപ്പ് സ്ഥാപകൻ ടി.പി.ജി നമ്പ്യാർ അന്തരിച്ചു. ബംഗളൂരുവിലെ വസതിയിലായിരുന്നു അന്ത്യം. സംസ്കാരം ഇന്ന് രാവിലെ 11 മണിക്ക്. ടി.പി.ജി നമ്പ്യാരുടെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചനം രേഖപ്പെടുത്തി.

================================================

## JHARKHAND - ELECTIONS

ഝാർഖണ്ഡിൽ രണ്ടാം ഘട്ട നിയമസഭ തിരഞ്ഞെടുപ്പിലെ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. 634 സ്ഥാനാർത്ഥികളാണ് പത്രിക സമർപ്പിച്ചത്. ഈ മാസം 20-ന് 38 മണ്ഡലങ്ങളിലേക്ക് രണ്ടാം ഘട്ട വോട്ടെടുപ്പ് നടക്കും. 43 മണ്ഡലങ്ങളിലായി ഈ മാസം 13-നാണ് ഒന്നാം ഘട്ട വോട്ടെടുപ്പ്. അതെസമയം, നിയമസഭ തിരഞ്ഞെടുപ്പ് നടക്കുന്ന മഹാരാഷ്ട്രയിൽ സൂക്ഷ്മ പരിശോധനയിൽ 921 സ്ഥാനാർത്ഥികളുടെ നാമനിർദേശ പത്രികകൾക്ക് സാധുതയുള്ളതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. ഈ മാസം 20-നാണ് മഹാരാഷ്ട്രയിൽ വോട്ടെടുപ്പ്. 23-നാണ് വോട്ടെണ്ണൽ.

================================================

## KERALA BY ELECTION

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും തിരഞ്ഞെടുപ്പ് ചിത്രം വ്യക്തമായി. വോട്ടെടുപ്പിന് 12 ദിവസം ബാക്കി നിൽക്കെ വികസനവും വിവാദങ്ങളും വിഷയമാക്കി പ്രചാരണ രംഗം സജീവമാണ്. നവംബർ 23-നാണ് വോട്ടെണ്ണൽ.

==========================================

**PALAKKAD ELECTION – (INTRO)**

മത്സര ചിത്രം വ്യക്തമായതോടെ പാലക്കാട് നിയമസഭ മണ്ഡലത്തിലെ പ്രചാരണം രണ്ടാം ഘട്ടത്തിലേക്ക് കടന്നു. വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്....

**(VOICE.......)**

==========================================

**WAYANAD ELECTION**

വയനാട് ലോക്സഭ മണ്ഡലത്തിൽ തെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ സ്ഥാനാർത്ഥികൾ തിരക്കിട്ട പ്രചാരണ പരിപാടികളിലാണ്. യുഡിഎഫ് സ്ഥാനാർത്ഥി പ്രിയങ്ക ഗാന്ധി അടുത്ത ആഴ്ച മണ്ഡലത്തിൽ എത്തും. എൽ.ഡി. എഫ് സ്ഥാനാർത്ഥി സത്യൻ മൊകേരി ഇന്ന് തിരുവമ്പാടി മണ്ഡലത്തിൽ പ്രചാരണം നടത്തും. ഇന്ന് മാനന്തവാടി മണ്ഡലത്തിലാണ് എൻ.ഡി.എ സ്ഥാനർത്ഥി നവ്യ ഹരിദാസിന്റെ പ്രചാരണം.

==========================================

**THRISSUR ELECTION – (INTRO)**

ചേലക്കര മണ്ഡലത്തിൽ ഉപതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് ആറ് സ്ഥാനാർഥികളാണ്. ജനങ്ങളെ നേരിട്ടുകണ്ട് വോട്ട് തേടുന്ന തിരക്കിലാണ് സ്ഥാനാർത്ഥികളെല്ലാം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്......**

**(VOICE.............)**

==========================================

**RAIN KERALA**

കേരളത്തിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് പത്തനംതിട്ട, പാലക്കാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

==============================================

**CRICKET**

ഇന്ത്യ-ന്യൂസിലൻറ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്നു മുതൽ. രാവിലെ 9.30 മുതൽ മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലാണ് മത്സരം. ആദ്യ രണ്ട് ടെസ്റ്റുകളിലും ന്യൂസിലൻറിനായിരുന്നു ജയം.

==============================================

**UAE-GRACE PERIODS**

യു.എ.ഇ യിൽ പൊതുമാപ്പിനുള്ള സമയപരിധി നീട്ടി. ഡിസംബർ 31 വരെയാണ് തിയതി നീട്ടിയത്. മാനുഷിക - സാംസ്കാരിക മൂല്യങ്ങളോടുള്ള രാജ്യത്തിൻ്റെ പ്രതിബദ്ധത പ്രതിഫലിപ്പിക്കുന്നതാണ് തീരുമാനമെന്ന് Customs, and Ports Security ഡയറക്ടർ ജനറൽ മേജർ ജനറൽ സുഹൈൽ സയീദ് അൽ ഖൈലി പറഞ്ഞു. നടപടി വേഗത്തിലാക്കാൻ ഇന്ത്യൻ പ്രവാസികൾക്ക് ആവശ്യമായ പിന്തുണ ദുബായിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ഉറപ്പാക്കുന്നുണ്ട്.

==============================================

**UAE DIWALI**

യുഎഇയിൽ വിപുലമായ ദീപാവലി ആഘോഷങ്ങൾ നടന്നു. ആഴ്ചകൾ നീണ്ട തയ്യാറെടുപ്പുകളായിരുന്നു പ്രവാസികളുടെ നേതൃത്വത്തിൽ നടന്നത്. യു.എ.ഇ.യിലുടനീളമുള്ള

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളും അധ്യാപകരും ആഘോഷങ്ങളിൽ പങ്കുചേർന്നു. അബുദാബി ബാപ്സ് ക്ഷേത്രത്തിൽ പ്രത്യേക പ്രാർത്ഥനാ ചടങ്ങുകൾ ഒരുക്കിയിരുന്നു.

==============================================

## US-ELECTIONS

നവംബർ അഞ്ചിന് നടക്കുന്ന അമേരിക്കൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പിനായി, ഡെമോക്രാറ്റിക് സ്ഥാനാർഥി കമലാ ഹാരിസും റിപ്പബ്ലിക്കൻ സ്ഥാനാർഥി ഡൊണാൾഡ് ട്രംപും തീവ്ര പ്രചാരണത്തിൽ. ഇതിനോടകം 57.5 ദശലക്ഷത്തിലധികം അമേരിക്കക്കാർ പോളിംഗ് രേഖപ്പെടുത്തിയതായാണ് റിപ്പോർട്ട്. അമേരിക്കയിൽ ഏകദേശം 244 ദശലക്ഷം വോട്ടർമാരാണുള്ളത്.

==============================================

## KONKAN RAILWAY

കൊങ്കൺ റൂട്ടിൽ സർവ്വീസ് നടത്തുന്ന ട്രെയിനുകൾക്കായുള്ള നോൺ മൺസൂൺ ടൈംടേബിൾ ഇന്നു മുതൽ പ്രാബല്യത്തിൽ വരും. കൊങ്കൺ വഴിയുള്ള ട്രെയിനുകൾ ഇന്ന് മുതൽ പുതിയ സമയക്രമം അനുസരിച്ചായിരിക്കും സർവ്വീസ് നടത്തുക.

======================

===================================

==============================================